ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ന്യൂസ്‌വേയുടെ സാമ്പത്തിക ഇടപാടുകൾ

64 [3115] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ന്യൂസ്‌വേ സൗഹൃദശൃംഖല' എന്ന പേരിൽ രാഷ്ട്രദീപികയും അകോൺ പ്രിന്റ് വെൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി സഹകരിച്ച് കേരളത്തിൽ സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച് നെറ്റ്‌വർക്ക് ബിസിനസ്സ് നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കേരളത്തിലെ ഏതെങ്കിലും പോലീസ് സ്റ്റേഷനുകളിൽ എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ;

(സി) എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ന്യൂസ്‌വേയുടെ പേരിൽ നിരവധി വാഗ്ദാനങ്ങൾ നൽകി രാഷ്ട്രദീപികയുടെ സബ്‌സിഡിയറി കമ്പനിയായ അകോൺ പ്രിന്റ് വെൽ പ്രൈവറ്റ് ലിമിറ്റഡ് ജനങ്ങളുമായി സാമ്പത്തിക ഇടപാട് നടത്തുകയും വാഗ്ദാനങ്ങൾ പലതും പാലിക്കപ്പെടാതിരിക്കയും ചെയ്യുന്നതു സംബന്ധിച്ച് അന്വേഷണം നടത്തുമോ;

(ഇ) ന്യൂസ്‌വേയുടെ പേരിൽ കബളിപ്പിക്കപ്പെട്ടവർ എറണാകുളത്ത് പാലാരിവട്ടം രാഷ്ട്രദീപിക ഓഫീസിന് മുമ്പിൽ സംഘടിച്ച് പണം തിരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഗുണ്ടകളെ ഉപയോഗിച്ച് ഭീഷണിപ്പെടുത്തി തുരത്തി ഓടിച്ചതായുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുമോ;

(ജി) ആലപ്പുഴ ജില്ലയിലോ, കോട്ടയം ജില്ലയിലോ ന്യൂസ്‌വേയുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകൾ പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ന്യൂസ്‌വേയ്ക്കെതിരെ പരാതി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരാതികൾ ലഭിച്ചാൽ അന്വേഷണം നടത്തുന്നതാണ്.

(ഇ) ഇല്ല.

(എഫ്) പരാതി ലഭിച്ചാൽ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(ജി) ഇല്ല.

(എച്ച്) പരാതി ലഭിച്ചാൽ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഇതര സംഘടനകൾക്ക് ലഭിക്കുന്ന വിദേശ സാമ്പത്തിക സഹായം

65 [3116] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സർക്കാർ ഇതര സംഘടനകൾക്ക് വിദേശ സാമ്പത്തിക സഹായം ലഭിച്ചു വരുന്നുണ്ട് എന്ന് അറിയിക്കാമോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സർക്കാരേതര സംഘടനകൾക്ക്, എത്ര തുക വീതം വിദേശത്തുനിന്നും ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) വിദേശ സഹായം ലഭിക്കുന്ന സർക്കാരേതര സംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങൾ സർക്കാർ നിരീക്ഷിക്കാറുണ്ടോ;

(ഡി) എങ്കിൽ ഇത്തരം ഏതെങ്കിലും സംഘടനകൾ രാജ്യത്തിന്റെ അഖണ്ഡതയ്ക്കും, സുരക്ഷിതത്വത്തിനും ഭീഷണിയാകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഷെഡ്യൂൾഡ് ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകുന്നതിനുള്ള മാനദണ്ഡം

66 [T3117] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

" കടവൂർ ശിവദാസൻ:

" സി. പി. മുഹമ്മദ്:

ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ലോണുകൾക്ക് ഷെഡ്യൂൾഡ് ബാങ്കുകൾ ഈടാക്കുന്ന പലിശ ആവശ്യപ്പെടരുതെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയിരുന്നോ;

(ബി) പ്രസ്തുത നിർദ്ദേശമനുസരിച്ച് ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ടോ;